## ഫോറം - 1

ഗാർഹിക അതിക്രമങ്ങളിൽ നിന്നും വനിതകളെ സംരക്ഷിക്കുന്ന നിയമം 2005-ലെ 9 (ബി) യും 37(2) (സി) യും പ്രകാരമുള്ള ഡൊമസ്റ്റിക് **ഇൻഡിസന്റ് റിപ്പോർട്ട്.**

**1. പരാതിക്കാരി അല്ലെങ്കിൽ ഗാർഹിക അതിക്രമത്തിന് ഇരയായ വ്യക്തിയെ സംബന്ധിച്ച വിവരം**

(1) പേര് :

(2) വയസ്സ് :

(3) ഒന്നിച്ച് താമസിച്ചിരുന്ന വീടിന്റെ മേൽവിലാസം :

(4) ഇപ്പോഴത്തെ മേൽവിലാസം :

(5) ഫോൺ നമ്പർ :

**2. എതിർ കക്ഷിയെ സംബന്ധിക്കുന്ന വിവരം**

| ക്രമ നം | പേര് | പരാതിക്കാരി യുമായുള്ള ബന്ധം | മേൽവിലാസം | ടെലിഫോൺ നമ്പർ |
|---|---|---|---|---|
| | | | | |

**3. പരാതിക്കാരിക്ക് കുട്ടികളുണ്ടെങ്കിൽ കുട്ടികളെ സംബന്ധിച്ച വിവരം**

(എ) കുട്ടികളുടെ എണ്ണം :

(ബി) കുട്ടികളെ സംബന്ധിക്കുന്ന വിവരം

| പേര് | വയസ്സ് | ആൺ/പെൺ | ഇപ്പോൾ ആരുടെ കൂടെ താമസിക്കുന്നു |
|---|---|---|---|
| | | | |

**4. ഗാർഹിക അതിക്രമ സംഭവങ്ങൾ**

| ക്രമ നം | അതിക്രമം നടന്ന സ്ഥലവും തീയതിയും | ഗാർഹിക അതിക്രമം നടത്തിയ വ്യക്തി ആര് | അതിക്രമങ്ങൾ | അഭിപ്രായം |
|---|---|---|---|---|
| | | | ശാരീരിക അക്രമം | |
| | | | ഏത് തരത്തിലുള്ള പരുക്ക് ആണെന്ന് വ്യക്തമാക്കുക | |
| | | | | |

**(i) ലൈംഗിക അതിക്രമം (ശരിയായ കോളം ☑ രേഖപ്പെടുത്തുക)**

| | | | | |
|---|---|---|---|---|
| | | | * ബലപ്രയോഗത്തിലൂടെയുള്ള ലൈംഗികബന്ധം<br>* പോർണോഗ്രാഫിയോ അതുപോലെയുള്ള കാര്യങ്ങളോ കാണാൻ നിർബന്ധിക്കുക<br>* മറ്റുള്ളവരെ തൃപ്തിപ്പെടുത്തുവാൻ നിങ്ങളെ നിർബന്ധിക്കുക<br>* നിങ്ങളുടെ അന്തസ്സിനെ ഹനിക്കുന്ന മറ്റേതെങ്കിലും തരത്തിൽ ലൈംഗിക ചുവയുള്ള വഴക്ക് പറയുകയോ തരം താഴ്ത്തുകയോ അപമാനിക്കുകയോ ചെയ്യുന്ന പ്രവൃത്തി. | |

**(ii) വാക്കാലോ വൈകാരികമായോ ഉള്ള വഴക്ക് പറച്ചിൽ**

| | | | | |
|---|---|---|---|---|
| | | | * നിങ്ങളുടെ സ്വഭാവത്തെയോ പ്രവൃത്തിയെയോ കുറ്റപ്പെടുത്തുക, പഴിപറയുക തുടങ്ങിയവ<br>* സ്ത്രീധനം കൊണ്ടുവരാത്തതിനുള്ള പഴിപറച്ചിൽ<br>* ആൺകുട്ടിയെ പ്രസവിക്കാത്തതിനുള്ള പഴിപറച്ചിൽ<br>* വഴക്ക് പറയുക<br>* ഇരട്ടപ്പേര് വിളിക്കുക<br>* വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനം നടത്തുന്നതിൽ നിന്നും തടയുക.<br>* ജോലി സ്വീകരിക്കുന്നതിൽ നിന്ന് തടയുക<br>* വീട്ടിൽനിന്ന് പുറത്തേക്കിറങ്ങുന്നതിൽ നിന്നും തടയുക<br>* ഏതെങ്കിലും പ്രത്യേക വ്യക്തിയുമായി ബന്ധപ്പെടുന്നതിൽ നിന്നും തടയുക.<br>* സ്വന്തം ആഗ്രഹത്തിന് എതിരായി വിവാഹം കഴിക്കുവാൻ നിർബന്ധിക്കുക<br>* നിങ്ങൾ കണ്ടെത്തിയ ആളെ വിവാഹം കഴിക്കുന്നതിൽ നിന്നും തടയുക<br>* മറ്റേതെങ്കിലും ദുരുപയോഗം (വ്യക്തമാക്കുക) | |

**(iii) സാമ്പത്തിക അതിക്രമം**

| | | | | |
|---|---|---|---|---|
| | | | * നിങ്ങൾക്കോ കുട്ടികൾക്കോ ജീവിക്കുന്നതിനാവശ്യമായ പണം നൽകാതിരിക്കുക.<br>* നിങ്ങൾക്കോ കുട്ടികൾക്കോ ഭക്ഷണം, വസ്ത്രം, മരുന്ന് തുടങ്ങിയവ നൽകാതിരിക്കുക.<br>* നിങ്ങൾ താമസിക്കുന്ന വീട്ടിൽ നിന്നും പുറത്താക്കുക.<br>* ആ വീടിന്റെ ഏതെങ്കിലും ഭാഗത്തു കയറുന്നതിൽ നിന്നോ ഉപയോഗിക്കുന്നതിൽ നിന്നോ വിലക്കുക.<br>* നിലവിലുള്ള ജോലി ചെയ്യുന്നതിൽനിന്നും വിലക്കുകയോ തടസ്സങ്ങൾ ഏർപ്പെടുത്തുകയോ ചെയ്യുക.<br>* ജോലി സ്വീകരിക്കുന്നതിന് അനുവദിക്കാതിരിക്കുക.<br>* വാടക വീട്ടിലാണ് താമസിക്കുന്നതെങ്കിൽ വാടക നൽകാതിരിക്കുക.<br>* വീട്ടിൽ പൊതുവായി ഉപയോഗിക്കുന്ന വസ്ത്രങ്ങളോ മറ്റു സാധനങ്ങളോ ഉപയോഗിക്കുന്നതിൽ നിന്നും നിങ്ങളെ തടയുക.<br>* നിങ്ങളുടെ അറിവും സമ്മതവും ഇല്ലാതെ സ്ത്രീധനമോ മറ്റു വില പിടിപ്പുള്ള വസ്തുക്കളോ വിൽക്കുകയോ പണയം വയ്ക്കുകയോ ചെയ്യുക.<br>* നിങ്ങളുടെ ശമ്പളമോ മറ്റു വരുമാനങ്ങളോ ബലം പ്രയോഗിച്ച് എടുത്തുകൊണ്ടു പോകുക.<br>* സ്ത്രീധനം അന്യാധീനപ്പെടുത്തുക.<br>* കറണ്ട് ബില്ല് തുടങ്ങിയവ കൊടുക്കാതിരിക്കുക.<br>* മറ്റേതെങ്കിലും സാമ്പത്തിക അതിക്രമം (വ്യക്തമാക്കുക)<br>............................................................<br>............................................................<br>............................................................<br>............................................................ | |

**(iv) സ്ത്രീധനവുമായി ബന്ധപ്പെട്ട് ശല്യം ചെയ്യൽ**

| | | | | |
|---|---|---|---|---|
| | | | * സ്ത്രീധനമായി ആവശ്യപ്പെടുന്നത് എന്തെന്ന് വ്യക്തമാക്കുക.<br>* സ്ത്രീധനവുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും വിവരം ...........................<br>* സ്ത്രീധനമായി നൽകിയ ഇനങ്ങളുടെ പട്ടിക ഉള്ളടക്കം ചെയ്തിട്ടുണ്ടോ?<br>☐ ഉണ്ട് ☐ ഇല്ല | |

**(v) നിങ്ങൾക്കോ നിങ്ങളുടെ കുട്ടികൾക്കോ എതിരെ നടത്തിയ ഗാർഹിക അതിക്രമങ്ങളെക്കുറിച്ചുള്ള മറ്റേതെങ്കിലും വിവരം**

| | | | |
|---|---|---|---|
| | | | |

ഒപ്പ്/കൈവിരൽ അടയാളം
(പരാതിക്കാരിയോ ഗാർഹിക അതിക്രമത്തിന്
ഇരയായ വ്യക്തിയുടെയോ)

**5. അനുബന്ധ രേഖകൾ**

| രേഖയുടെ പേര് | | തീയതി | മറ്റേതെങ്കിലും വിവരം |
|---|---|---|---|
| മെഡിക്കൽ ലീഗൽ സർട്ടിഫിക്കറ്റ്<br>ഡോക്ടറുടെ സർട്ടിഫിക്കറ്റോ മറ്റേതെങ്കിലും നിർദ്ദേശങ്ങളോ<br>സ്ത്രീധനം<br>മറ്റേതെങ്കിലും രേഖ | | | |

**6. ഈ നിയമപ്രകാരം നിങ്ങൾക്ക് ആവശ്യമായ ഉത്തരവ്**

| ക്രമ നം | ഉത്തരവ് | അതെ/അല്ല | മറ്റേതെങ്കിലും |
|---|---|---|---|
| 1 | 18-ാം വകുപ്പ് പ്രകാരമുള്ള സംരക്ഷണ ഉത്തരവ് | | |
| 2. | 19-ാം വകുപ്പ് പ്രകാരമുള്ള റസിഡന്റ് ഉത്തരവ് | | |
| 3. | 20-ാം വകുപ്പ് പ്രകാരമുള്ള സാമ്പത്തികസഹായ ഉത്തരവ് | | |
| 4. | 21-ാം വകുപ്പ് പ്രകാരമുള്ള കസ്റ്റഡി ഉത്തരവ് | | |
| 5. | 22-ാം വകുപ്പ് പ്രകാരമുള്ള നഷ്ടപരിഹാര ഉത്തരവ് | | |
| 6. | മറ്റേതെങ്കിലും (വിശദമാക്കുക...................................) | | |

**1. നിങ്ങൾക്ക് ആവശ്യമുള്ള സഹായം**

| ക്രമ നം. | ലഭ്യമായ സഹായം | അതെ/അല്ല | ഏത് തരത്തിലുള്ള സഹായം |
|---|---|---|---|
| 1. | കൗൺസിലർ | | |
| 2. | പോലീസ് സഹായം | | |
| 3. | കേസ്സ് കൊടുക്കുന്നതിനുള്ള സഹായം | | |
| 4. | ഷെൽട്ടർ ഹോം | | |
| 5. | വൈദ്യ സഹായം | | |
| 6. | നിയമസഹായം | | |

8. ഡോമസ്റ്റിക് ഇൻഡിസന്റ് റിപ്പോർട്ട് രേഖപ്പൊടുത്തുന്നതിന് സഹായിക്കുന്ന പോലീസ് ഉദ്യോഗസ്ഥനുള്ള നിർദ്ദേശങ്ങൾ

ഈ ഫോറങ്ങൾ നൽകിയിട്ടുള്ള വിവരം ഇന്ത്യൻ പീനൽകോഡോ മറ്റെതെങ്കിലും നിയമമോ പ്രകാരം കുറ്റകരമായതാണ് എന്ന് കണ്ടാൽ.

(എ) 1973-ലെ ക്രിമിനൽ നടപടിക്രമങ്ങൾ പ്രകാരം കേസ്സ് എടുക്കുന്നതിനുള്ള വിവരം (എഫ്.ഐ. ആർ) നൽകാൻ കഴിയും എന്ന് പരാതിക്കാരിയെ അറിയിക്കുക.

(ബി) എതിർകക്ഷിയുമായുള്ള അടുത്തബന്ധം മൂലം ക്രിമിനൽ കേസ്സ് എടുക്കുവാൻ പരാതിക്കാരിക്ക് താല്പര്യമില്ലെങ്കിൽ എന്നാൽ ആവശ്യമായ അന്വേഷണങ്ങൾക്ക് വിധേയമായി തൽക്കാലം മാറ്റിവയ്ക്കുകയും ഈ കാര്യം ഡെയിലി ഡയറിയിൽ രേഖപ്പെടുത്തി വയ്ക്കേണ്ടതുമാണ്. തുടർന്ന് പരാതിക്കാരിക്ക് സിവിൽ പരിഹാരം ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ തുടരാവുന്നതുമാണ്.

(സി) ശാരീരികമായി പരിക്കോ വേദനയോ ഉള്ളതായി പരാതിക്കാരി അറിയിച്ചാൽ ഉടൻതന്നെ അവരെ വൈദ്യ പരിശോധനക്ക് വിധേയമാക്കേണ്ടതും വൈദ്യസഹായം നൽകേണ്ടതുമാണ്.

കൗണ്ടർ സിഗ്നേച്ചർ
പ്രൊട്ടക്ഷൻ ഓഫീസർ/സർവ്വീസ്
പ്രൈവൈഡർ

സ്ഥലം : ......................................

തീയതി : ....................................

പേര് :.........................................................

വിലാസം :................................................

.....................................................................

**(സീൽ)**

*പകർപ്പ് നൽകുന്നത് :*

*(1) സ്ഥലത്തെ പോലീസ് സ്റ്റേഷൻ*

*(2) സർവ്വീസ് പ്രൊവൈഡർ/ പ്രൊട്ടക്ഷൻ ഓഫീസർ*

*(3) പരാതിക്കാരി*

*(4) മജിസ്ട്രേട്ട്*

## ഫോറം II

### 2005-ലെ ഗാർഹിക അതിക്രമങ്ങളിൽ നിന്നും വനിതകളെ സംരക്ഷിക്കുന്ന നിയമത്തിലെ 12-ാം വകുപ്പ് പ്രകാരം മജിസ്ട്രേട്ടിന് നൽകുന്ന അപേക്ഷ

To.

.................................... മജിസ്ട്രേട്ട്
............................................................
............................................................

**2005 ലെ ഗാർഹിക അതിക്രമങ്ങളിൽനിന്നും വനിതകളെ സംരക്ഷിക്കുന്ന നിയമത്തിലെ ............................. ............................. വകുപ്പ് പ്രകാരമുള്ള അപേക്ഷ.**

1. **ഡൊമസ്റ്റിക് ഇൻസിഡന്റ് റിപ്പോർട്ടിലെ പകർപ്പ് സഹിതം 2005-ലെ ഗാർഹിക അതിക്രമങ്ങളിൽനിന്നും വനിതകളെ സംരക്ഷിക്കുന്നതിലെ നിയമത്തിലെ ..................................... വകുപ്പ് പ്രകാരമുള്ള അപേക്ഷ നൽകുന്നത്.**

    (എ) പരാതിക്കാരി ☐

    (ബി) പ്രൊട്ടക്ഷൻ ഓഫീസർ ☐

    (സി) പരാതിക്കാരിക്ക് വേണ്ടി മറ്റേതെങ്കിലുമൊരാൾ ☐
    (യുക്തമായവ. ചെയ്യുക)

2. **പരാതി അല്ലെങ്കിൽ ഡൊമസ്റ്റിക് ഇൻസിഡന്റ് റിപ്പോർട്ട് സ്വീകരിക്കുകയും കേസ്സിന്റെ സാഹചര്യങ്ങൾക്ക് ആവശ്യമായ രീതിയിൽ താഴെപ്പറയുന്ന ഒന്നോ എല്ലാമോ ആയ ഉത്തരവുകൾ പുറപ്പെടുവിക്കുവാൻ ബഹുമാനപ്പെട്ട കോടതിയോട് അപേക്ഷിക്കുന്നു.**

    (എ) 18-ാം വകുപ്പ് പ്രകാരമുള്ള പ്രൊട്ടക്ഷൻ ഉത്തരവ് പുറപ്പെടുവിക്കുക.

    (ബി) 19-ാം വകുപ്പ് പ്രകാരമുള്ള റസിഡൻസ് ഉത്തരവ് പുറപ്പെടുവിക്കുക.

    (സി) 20-ാം വകുപ്പ് പ്രകാരമുള്ള സാമ്പത്തിക സഹായം നൽകുവാൻ എതിർകക്ഷിക്ക് നിർദ്ദേശം നൽകുക.

    (ഡി) 21-ാം വകുപ്പ് പ്രകാരം കസ്റ്റഡി ഉത്തരവുകൾ പുറപ്പെടുവിക്കുക.

    (ഇ) 22-ാം വകുപ്പ് പ്രകാരം നഷ്ടപരിഹാരം നൽകുവാൻ എതിർകക്ഷിക്ക് നിർദ്ദേശം നൽകുക.

    (എഫ്)കോടതിക്കു യുക്തമെന്ന് തോന്നുന്ന ഏതെങ്കിലും ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുക.

    (ജി) കേസ്സിന്റെ സാഹചര്യമനുസരിച്ച് മറ്റേതെങ്കിലും ഉത്തരവുകൾ.

3. **ആവശ്യമായ ഉത്തരവുകൾ**

    (i) വകുപ്പ് 18 പ്രകാരമുള്ള പ്രൊട്ടക്ഷൻ ഉത്തരവുകൾ

    ◊ അപേക്ഷയിലെ 4(എ), (ബി), (സി), (ഡി), (ഇ), (എഫ്), (ജി), എച്ച്) എന്നീ കോളങ്ങളിൽ പരാമർശിക്കുന്ന ഗാർഹിക അതിക്രമങ്ങൾ ആവർത്തിക്കുന്നതിനെ തടഞ്ഞുകൊണ്ട്

    ◊ സ്കൂൾ, കോളേജ്, തൊഴിൽ സ്ഥലം എന്നിവിടങ്ങളിൽ എതിർകക്ഷി പ്രവേശിക്കുന്നത് തടഞ്ഞുകൊണ്ട്

    ◊ ജോലി സ്ഥലത്ത് പോകുന്നതിന് നിങ്ങളെ തടയുന്നത് വിലക്കിക്കൊണ്ട്

    ◊ നിങ്ങളുടെ കുട്ടികളുടെ സ്കൂൾ, കോളേജ്, മറ്റേതെങ്കിലും സ്ഥലത്ത് പ്രവേശിക്കുന്നതിൽ എതിർകക്ഷി തടഞ്ഞുകൊണ്ട്

◊ നിങ്ങൾ സ്കൂളിൽ പഠിക്കാൻ പോകുന്നത് വിലക്കുന്നതിനെ തടഞ്ഞുകൊണ്ട്

◊ നിങ്ങളുമായി ഏതെങ്കിലും തരത്തിൽ ആശയവിനിമയം നടത്തുന്നതിനുള്ള ശ്രമത്തിൽനിന്നും എതിർകക്ഷിയെ വിലക്കിക്കൊണ്ടുള്ളത്

◊ വസ്തുവകകൾ എതിർകക്ഷി അന്യാധീനപ്പെടുത്തുന്നതിനെ തടഞ്ഞുകൊണ്ട്

◊ ഇരുവരും ചേർന്നുള്ള ബാങ്ക് അക്കൗണ്ടുകൾ, ലോക്കറുകൾ എന്നിവ ഉപയോഗിക്കുന്ന തിൽനിന്നും എതിർകക്ഷിയെ വിലക്കിക്കൊണ്ടും എന്നാൽ പരാതിക്കാരിയെ അനുവദിച്ചു കൊണ്ടും ഉള്ളത്.

◊ പരാതിക്കാരിയുടെ ആശ്രിതർ, ബന്ധുക്കൾ, മറ്റുള്ളവർ എന്നിവർക്കെതിരെയുള്ള അതിക്രമം ഒഴി വാക്കുന്നതിനുവേണ്ടി അവരിൽനിന്നും അകന്നു നിൽക്കുവാൻ

◊ എതിർകക്ഷിയെ വിലക്കിക്കൊണ്ട് മറ്റെതെങ്കിലും ഉത്തരവ് (എടുത്തെഴുതുക...........................)

(ii) വകുപ്പ് 19 പ്രകാരമുള്ള റസിഡൻസ് ഉത്തരവുകൾ

◊ ഒന്നിച്ച് താമസിച്ചിരുന്ന വീട്ടിലോ, വീടിന്റെ ഭാഗത്തോ പരാതിക്കാരി പ്രവേശിക്കുന്നതിനെയോ, അവിടെനിന്നും പുറത്താക്കുന്നതിനെയോ, വീട് വിലക്കുന്നതിനെയോ ബാധ്യതപ്പെടുത്തുന്നിതി നെയോ എതിർകക്ഷിയെയോ കക്ഷികളെയോ തടഞ്ഞുകൊണ്ടുള്ളതും

◊ ഒന്നിച്ചു താമസിച്ച വീട്ടിൽ എതിർകക്ഷിക്കുള്ള അവകാശം ഇല്ലാതാക്കുന്ന ഉത്തരവ്

◊ പരാതിക്കാരിയുടെ സ്വകാര്യവസ്തുക്കൾ തുടർന്നും ഉപയോഗിക്കുന്നതിനെ അനുവദിച്ചുകൊണ്ടു ള്ളത്

◊ ഒന്നിച്ചു താമസിച്ച വീട്ടിൽനിന്നും മാറിതാമസിക്കുന്നതിനോ അതേ നിലവാരത്തിലുള്ള പകരം വീട് ലഭ്യമാക്കുന്നതിനോ അല്ലെങ്കിൽ പകരം വീടിനുള്ള വാടക കൊടുക്കുന്നതിനോ എതിർക ക്ഷിയെയോ കക്ഷികളെയോ നിർദ്ദേശിച്ചുകൊണ്ടുള്ള ഉത്തരവ്

◊ മറ്റേതെങ്കിലും ഉത്തരവ് (ചൂണ്ടിക്കാണിക്കുക....................................)

(iii) 20-ാം വകുപ്പ് പ്രകാരമുള്ള സാമ്പത്തിക ആശ്വാസ നടപടികൾ

◊ വരുമാനം നഷ്ടപ്പെട്ടതുമൂലം ആവശ്യപ്പെടുന്ന തുക.........................................

◊ ചികിത്സാ ചിലവിന് വേണ്ടി ആവശ്യപ്പെടുന്ന തുക...........................

◊ പരാതിക്കാരിയുടെ അധീനതയിൽ ഉണ്ടായിരുന്ന വസ്തുക്കൾ നശിപ്പിക്കുകയോ ഉപയോഗശൂന്യ മാക്കുകയോ ചെയ്തതുമൂലം ................................. മാസത്തേയ്ക്ക് ഉണ്ടായ നഷ്ടം .........................

◊ ശാരീരികമോ മാനസികമോ ആയി മറ്റേതെങ്കിലും തരത്തിൽ ഉണ്ടായിട്ടുള്ള കഷ്ടതകൾക്ക് ആവ ശ്യപ്പെടുന്ന നഷ്ടപരിഹാര തുക...............................

◊ ആകെ തുക........................................

◊ മറ്റേതെങ്കിലും ഉത്തരവ്...................................

(iv) 20-ാം വകുപ്പ് പ്രകാരമുള്ള സാമ്പത്തിക ആശ്വാസ നടപടികൾ

◊ താഴെ പറയുന്ന ചിലവുകൾക്ക് സാമ്പത്തിക സഹായം നൽകുവാൻ എതിർകക്ഷിക്ക് നിർദ്ദേശം നൽകാം

◊ ആഹാരം, വസ്ത്രം, മരുന്ന് തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾക്ക് ഒരുമാസം വേണ്ടി വരുന്ന ചിലവ് .......................... രൂപ.

◊ സ്കൂൾ ഫീസും അനുബന്ധം ചിലവുകൾക്കുമായി ഒരു മാസത്തേക്ക് വേണ്ടിവരുന്ന ചിലവ് .............................. രൂപ.

◊ വീട്ടുചിലവുകൾ ഒരു മാസത്തേക്ക് ....................... രൂപ.

◊ ഒരു മാസത്തേയ്ക്ക് വേണ്ടിവരുന്ന ആകെ ചിലവ് .......................... രൂപ.

◊ മറ്റേതെങ്കിലും ഉത്തരവുകൾ...............................

(v) 21-ാം വകുപ്പ് പ്രകാരമുള്ള കസ്റ്റടി ഉത്തരവുകൾ

കുട്ടികളുടെയോ കുട്ടികളുടെയോ സംരക്ഷണം നൽകുന്നതിനുള്ള ഉത്തരവ്

◊ പരാതിക്കാരിക്ക്

◊ പരാതിക്കാരിക്കുവേണ്ടി മറ്റേതെങ്കിലും വ്യക്തി...........................

(vi) 22-ാം വകുപ്പ് പ്രകാരമുള്ള നഷ്ടപരിഹാരം

(vii) മറ്റേതെങ്കിലും ഉത്തരവുകൾ .................................

**4. മുമ്പ് കേസ്സ് ഉണ്ടായിട്ടുണ്ടെങ്കിൽ അവയുടെ വിവരം**

(എ) ◊ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ.............................. വകുപ്പ് പ്രകാരം ............................ കോടതിയിൽ നിലവിലുള്ള കേസ്സ്.........................................................

◊ കേസ്സ് വിധിയായതുമൂലം ആശ്വാസനടപടികൾ................................

(ബി) ◊ ക്രിമിനൽ നടപടിക്രമങ്ങളിൽ .............................. വകുപ്പ് പ്രകാരം .......................................... കോടതിയിൽ കേസ്സ് നിലവിലുണ്ട്.................................................

◊ കേസ്സ് വിധിയായതുമൂലമുണ്ടായിട്ടുള്ള ആശ്വാസനടപടികൾ...............................

(സി) ◊ 1956- ലെ ഹിന്ദു വിവാഹ നിയമത്തിലെ ............................ വകുപ്പ്പ്രകാരം................................ കോടതിയിൽ നിലവിലുള്ള കേസ്സ്.................................................

◊ കേസ്സ് വിധിയായതുമൂലം ലഭ്യമായ ആശ്വാസനടപടികൾ.....................

(ഡി) ◊ 1956 ലെ ഹിന്ദു ദത്തെടുക്കലും സംരക്ഷണവും നിയമത്തിലെ...................................... വകുപ്പ് പ്രകാരം ....................................... കോടതിയിലെ കേസ്സ് നിലവിലുണ്ട്.

◊ കേസ്സ് വിധിയായതുമൂലം ലഭ്യമായ ആശ്വാസ നടപടികൾ

(ഇ) ഈ നിയമത്തിലെ ............................................... വകുപ്പ് പ്രകാരം ചിലവിനുള്ള തുക കിട്ടുന്നതിനു വേണ്ടി കൊടുത്തിട്ടുള്ള അപേക്ഷ പ്രകാരം ഇടക്കാല സാമ്പത്തിക ആശ്വാസം മാസത്തിൽ ........................ രൂപ. ഉത്തരവായ സാമ്പത്തിക ആശ്വാസം ........................................ മാസത്തിൽ..................................... രൂപ.

(എഫ്) ◊ എതിർകക്ഷിയെ ജുഡീഷ്യൽ കസ്റ്റഡിയിലേക്ക് വിട്ടുകൊടുത്തിട്ടുണ്ടോ?

◊ ഒരാഴ്ചയിൽ കുറഞ്ഞ കാലത്തേയ്ക്ക്

◊ ഒരു മാസത്തിൽ കുറഞ്ഞ കാലത്തേയ്ക്ക്

ഒരു മാസത്തിൽ കൂടിയ കാലത്തേയ്ക്ക്

എങ്കിൽ എത്ര കാലത്തേയ്ക്ക്........................

(ജി) മറ്റേതെങ്കിലും ഉത്തരവ് ...............................................

## അപേക്ഷ

പരാതിക്കാരിയെ ഗാർഹിക അതിക്രമങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനും നീതി ലഭിക്കുന്നതിനുംവേണ്ടി ഈ കേസ്സിന്റെ വസ്തുതകളും സാഹചര്യവും പരിഗണിച്ച് പരാതിയിൽ ആവശ്യപ്പെട്ടിരിക്കുന്ന ആശ്വാസ നടപടികൾ അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ബഹുമാനപ്പെട്ട കോടതിയോട് അപേക്ഷിക്കുന്നു.

സ്ഥലം :
തീയതി :

പരാതിക്കാരി/ഗാർഹിക
അതിക്രമത്തിന് ഇരയായവർ

## സാക്ഷ്യപത്രം

മേൽ വിവരിച്ച കാര്യങ്ങൾ എന്റെ അറിവിൽ ശരിയും സത്യവുമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്
പ്രൊട്ടക്ഷൻ ഓഫീസർ
(തീയതി സഹിതം)

## ഫോറം- III
## ഗാർഹിക അതിക്രമങ്ങളിൽ നിന്നും വനിതകളെ സംരക്ഷിക്കുന്ന നിയമത്തിലെ 23(2) വകുപ്പ് പ്രകാരമുള്ള സത്യവാങ്മൂലം (റൂൾ 6(4), 7 എന്നിവ കാണുക)

................................................. കോടതിയിൽ ............................................................ പോലീസ് സ്റ്റേഷൻ

ശ്രീമതി ........................................................................................ യും മറ്റുള്ളവരും (പരാതിക്കാരി)

ശ്രീ. ............................................................................... യും മറ്റുള്ളവരും (എതിർകക്ഷി)യും തമ്മിലുള്ളത്.

### സത്യവാങ്മൂലം

.......................................................................................................................... (മേൽവിലാസം) താമസിക്കുന്ന ശ്രീ.............................................................. ന്റെ ഭാര്യയും ..................................................... (മേൽവിലാസം) താമസിക്കുന്ന ശ്രീ. ............................................................ മകളും ഇപ്പോൾ ......................................................................................................... (മേൽ വിലാസം) താമസിക്കുകയും ചെയ്യുന്ന ഞാൻ താഴെപറയുന്ന സത്യപ്രസ്താവന നടത്തുന്നു.

1. എന്റെ മകനും/മകൾക്കും എനിക്കും ............................................................ കാര്യത്തിനുവേണ്ടി ഉള്ളടക്കം ചെയ്തിരിക്കുന്ന അപേക്ഷയിലെ അപേക്ഷകയാണ്.
2. ഞാൻ .................................................................... യാളിന്റെ സ്വാഭാവിക രക്ഷാകർത്താവാണ്.
3. ഈ കേസ്സിലെ വസ്തുതകളും സാഹചര്യവും പരിഗണിക്കുമ്പോൾ ഈ സത്യപ്രസ്താവന നടത്തുവാൻ എനിക്ക് അവകാശമുണ്ട്.
4. ........................................... മുതൽ .................................................. വരെ സത്യപ്രസ്താവന നടത്തുന്നയാൾ എതിർകക്ഷിയുമായി ഒന്നിച്ച് താമസിക്കുകയായിരുന്നു.
5. ............................................................ -ാം വകുപ്പുപ്രകാരം ഉള്ള ആശ്വാസനടപടികൾക്ക് ആവശ്യമായ വിവരങ്ങൾ അപേക്ഷയിൽ നൽകിയിട്ടുള്ളതും ഞാൻ തന്നെയാണ്/ എന്റെ നിർദ്ദേശപ്രകാരമാണ്.
6. ഈ അപേക്ഷയിലുള്ള കാര്യങ്ങൾ ഇംഗ്ലീഷ്/മലയാളം/........................................................ എന്നെ വായിച്ചു കേൾപ്പിക്കുകയും വിശദീകരിച്ചു നൽകുകയും ചെയ്തു.
7. മേൽപ്പറഞ്ഞ അപേക്ഷയിലെ കാര്യങ്ങളെക്കൂടി ഈ സത്യപ്രസ്താവനയുടെ ഭാഗമായി കണക്കാക്കേണ്ടതാണ്.
8. എതിർകക്ഷി/ കക്ഷികൾ ഗാർഹിക അതിക്രമം ആവർത്തിക്കുമെന്ന് പരാതിക്കാരി സംശയിക്കുന്നതിനാൽ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന പരാതിയിൽ ആശ്വാസ നടപടികൾ ആവശ്യപ്പെട്ടിരിക്കുന്നു.
9. അപേക്ഷകയെ................................................................. ചെയ്യുമെന്ന് എതിർകക്ഷി ഭീഷണിപ്പെടുത്തിയിട്ടുണ്ട്.
10. ഈ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന കാര്യങ്ങൾ അടിയന്തിര സ്വഭാവമുള്ളതും ഇവ താൽക്കാലിക എക്സ്പാർട്ടി ആയി അനുവദിച്ചില്ല എങ്കിൽ അപേക്ഷക സാമ്പത്തിക വിഷമതകൾ നേരിടുകയും അപേക്ഷയിൽ ആരോപിച്ചിരിക്കുന്ന ഗാർഹിക അതിക്രമങ്ങൾ എതിർകക്ഷികളാൽ ആവർത്തിക്കുകയോ കൂടുകയോ ചെയ്യുന്ന സാഹചര്യത്തിൽ ജീവിക്കുവാൻ നിർബന്ധിതയാകുന്നതുമാണ്.
11. ഇവിടെ പരാമർശിച്ചിട്ടുള്ള കാര്യങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും ശരിയും സത്യവുമാണ്. മാത്രവുമല്ല കാര്യമായ ഒന്നും മറച്ചുവച്ചിട്ടുമില്ല.

### പരിശോധന

ഡിപ്പോണന്റ്

...................................................................................... (തീയതി ) മേൽ പ്രസ്താവനയുടെ ഉള്ളടക്കം പരിശോധിക്കുകയും അവ എന്റെ അറിവിലും വിശ്വാസത്തിലും സത്യവും പ്രധാനപ്പെട്ട ഒരു കാര്യവും മറച്ചുവച്ചിട്ടില്ലാത്തതുമാകുന്നു.

ഡിപ്പോണന്റ്

## ഫോറം - IV

## 2005-ലെ ഗാർഹിക അതിക്രമങ്ങളിൽനിന്നും വനിതകളെ സംരക്ഷിക്കുന്ന നിയമപ്രകാരം പരാതിക്കാരിയുടെ അവകാശങ്ങളെ സംബന്ധിക്കുന്ന വിവരം

1. നിങ്ങൾ ഒന്നിച്ചു താമസിക്കുന്ന വ്യക്തി ഒന്നിച്ചു താമസിക്കുന്ന വീട്ടിൽവച്ച് നിങ്ങളെ ഭീഷണിപ്പെടുത്തുകയോ, അടിയ്ക്കുകയോ ചെയ്യുന്നുവെങ്കിൽ നിങ്ങൾ ഗാർഹിക അതിക്രമത്തിന് ഇരയാകുകയാണ്. 2005-ലെ ഗാർഹിക അതിക്രമങ്ങളിൽനിന്നും വനിതകളെ സംരക്ഷിക്കുന്ന നിയമപ്രകാരമുള്ള ആശ്വാനടപടികൾ ആവശ്യപ്പെടുവാൻ അവകാശമുണ്ട്.

2. നിങ്ങൾക്കോ നിങ്ങളുടെ രക്ഷാകർതൃത്വത്തിലുള്ള കുട്ടിക്കോ എതിരെ താഴെ പറയുന്ന ഏതെങ്കിലുംതരം പ്രവർത്തികൾ നിങ്ങൾ ഒന്നിച്ചു താമസിക്കുകയോ, താമസിച്ചിട്ടുള്ളതോ ആയ വ്യക്തിയോ വ്യക്തികളോ നടത്തിയിട്ടുണ്ടെങ്കിൽ ഈ നിയമപ്രകാരമുള്ള സംരക്ഷണവും സഹായവും നിങ്ങൾക്ക് ലഭിക്കുന്നതാണ്.

(i) ശാരീരിക അക്രമം

ഉദാ: (1) അടിയ്ക്കുക
(2) ഇടിയ്ക്കുക
(3) കുത്തുക
(4) കടിക്കുക
(5) ചവിട്ടുക
(6) മുഷ്ടിചുരുട്ടി ഇടിയ്ക്കുക
(7) തള്ളുക
(8) ഊക്കോടെ ഉന്തുക
(9) മറ്റേതെങ്കിലും തരത്തിൽ ശാരീരികമായി പരിക്കോ വേദനയോ ഉണ്ടാക്കുക

(ii) ലൈംഗിക അക്രമം

ഉദാ: (1) ബലപ്രയോഗത്തിലൂടെയുള്ള ലൈംഗികബന്ധം
(2) അശ്ലീല ചിത്രങ്ങൾ കാണുവാൻ നിർബന്ധിക്കുക
(3) മറ്റേതെങ്കിലും ലൈംഗിക സ്വഭാവമുള്ള നിന്ദിക്കൽ, തരംതാഴ്ത്തൽ, നിങ്ങളുടെ അന്തസ്സിന് നിരക്കാത്ത പ്രവൃത്തി
(4) കുട്ടികളെ ലൈംഗിക അതിക്രമത്തിന് ഇരയാക്കുക

(iii) വാചികവും വൈകാരികവും ആയ അക്രമം

ഉദാ: (1) കുത്തുവാക്ക് പറയുക
(2) പഴി പറയുക
(3) നിങ്ങളുടെ സ്വഭാവത്തെയോ പ്രവൃത്തിയെയോ കുറ്റപ്പെടുത്തുക
(4) ആൺകുട്ടിയെ പ്രസവിച്ചില്ല എന്ന് കുത്തുവാക്ക് പറയുക
(5) സ്ത്രീധനം കൊണ്ടുവന്നില്ല എന്ന് കുത്തുവാക്ക് പറയുക
(6) നിങ്ങളെയോ നിങ്ങളുടെ രക്ഷാകർത്വത്തിലുള്ള കുട്ടിയെയോ സ്കൂളിലോ കോളേജിലോ പോയി പഠിക്കുന്നതിനെ വിലക്കുക
(7) ഒരു ജോലി സ്വീകരിക്കുന്നത് തടയുക

(8) ജോലി ഉപേക്ഷിക്കുന്നതിന് നിർബന്ധിക്കുക

(9) നിങ്ങളെയോ നിങ്ങളുടെ രക്ഷാകർത്തൃത്വത്തിലുള്ള കുട്ടിയെയോ വീട്ടിൽനിന്നും പുറത്തുപോകുന്നതിനെ തടയുക

(10) സാധാരണ ജീവിതത്തിനിടയിൽ കാണാവുന്ന ഏതെങ്കിലും വ്യക്തിയെ കാണുന്നതിൽനിന്നും തടയുക

(11) നിങ്ങൾക്ക് താല്പര്യമില്ലാത്ത സമയത്ത് വിവാഹബന്ധത്തിന് നിർബന്ധിക്കുക

(12) നിങ്ങൾ തെരഞ്ഞെടുത്ത വ്യക്തിയെ വിവാഹം ചെയ്യുന്നതിനെ തടസ്സപ്പെടുത്തുക

(13) മറ്റുള്ളവർ തെരഞ്ഞെടുത്ത വ്യക്തിയെ വിവാഹം ചെയ്യുന്നതിന് നിർബന്ധിക്കുക

(14) ആത്മഹത്യ ചെയ്യുവാൻ ഭീഷണിപ്പെടുത്തുക

(15) മറ്റേതെങ്കിലും ശാരീരികമോ വൈകാരികമോ ആയ ദുരുപയോഗം

(iv) സാമ്പത്തിക അക്രമം

ഉദാ: (1) നിങ്ങൾക്കോ കുട്ടികൾക്കോ ജീവനാംശം നൽകാതിരിക്കുക

(2) നിങ്ങൾക്കോ കുട്ടികൾക്കോ ആഹാരം, വസ്ത്രം, മരുന്ന് തുടങ്ങിയവ നൽകാതിരിക്കുക

(3) നിങ്ങളുടെ ജോലി തുടർന്നുകൊണ്ടുപോകുന്നതിനെ തടസ്സപ്പെടുത്തുക

(4) നിങ്ങളുടെ ജോലി തുടർന്നുകൊണ്ടു പോകുന്നതിനെ അലങ്കോലപ്പെടുത്തുക/ തടസ്സങ്ങളുണ്ടാക്കുക

(5) പുതിയ ജോലി സ്വീകരിക്കുന്നതിന് അനുവദിക്കാതിരിക്കുക

(6) നിങ്ങളുടെ ശമ്പളം, വേതനം എന്നിവയിൽനിന്ന് തുക എടുക്കുക

(7) നിങ്ങളുടെ ശമ്പളം, വേതനം എന്നിവ ചെലവഴിക്കുവാൻ അനുവദിക്കാതിരിക്കുക

(8) നിങ്ങൾ താമസിക്കുന്ന വീട്ടിൽനിന്നും പുറത്താക്കുക

(9) വീടിന്റെ ഏതെങ്കിലും ഭാഗത്ത് പ്രവേശിക്കുന്നതിനോ ഉപയോഗിക്കുന്നതിനോ അനുവദിക്കാതിരിക്കുക

(10) വീട്ടുകാർ പൊതുവേ ഉപയോഗിക്കുന്ന വസ്ത്രങ്ങൾ മറ്റുപകരണങ്ങൾ എന്നിവ ഉപയോഗിക്കുവാൻ അനുവദിക്കാതിരിക്കുക

(11) വാടകവീട്ടിലാണ് താമസിക്കുന്നതെങ്കിൽ വാടക നൽകാതിരിക്കുക

3 നിങ്ങൾ ഒന്നിച്ചു താമസിച്ചിരുന്ന വീട്ടിൽവച്ച് ഒന്നിച്ച് താമസിച്ചിരുന്ന വ്യക്തി ഗാർഹിക അതിക്രമം നടത്തിയാൽ നിങ്ങൾക്ക് താഴെ പറയുന്ന ഒന്നോ അതിൽ അതിൽ കൂടുതലോ ഉത്തരവുകൾ ലഭിക്കാവുന്നതാണ്.

(എ) ശാരീരിക ആക്രമം

(i) നിങ്ങൾക്കോ നിങ്ങളുടെ കുട്ടിക്ക് എതിരെയോ ഉള്ള ഗാർഹിക അതിക്രമം നിർത്തൽ ചെയ്യുക

(ii) നിങ്ങൾക്ക് സ്ത്രീധനം, ആഭരണങ്ങൾ, വസ്തുക്കൾ തുടങ്ങിയവയുടെ കൈവശാവകാശം ലഭിക്കുക

(iii) ബാങ്കിലെ ജോയിന്റ് ആയിട്ടുള്ള അക്കൗണ്ടുകൾ, ലോക്കറുകൾ കോടതി യുടെ അനുവാദം ഇല്ലാതെ ഉപയോഗിക്കാൻ പാടില്ല

(ബി) 19-ാം വകുപ്പ് പ്രകാരം

(i) നിങ്ങൾ ഒന്നിച്ചു താമസിച്ചിരുന്ന വീട്ടിൽ തുടർന്ന് താമസിക്കുന്നതിനെ തട സ്സപ്പെടുത്താതിരിക്കാൻ

(ii) നിങ്ങളുടെ സ്വസ്ഥജീവിതത്തിന് അലോസരം ഉണ്ടാക്കുകയോ അനാവശ്യ ഇടപെടലുകളോ നടത്തുന്നതിൽനിന്നും

(iii) നിങ്ങൾ താമസിക്കുന്ന വീട് വിൽക്കാതിരിക്കുന്നതിന്

(iv) നിങ്ങൾ വാടകവീട്ടിലാണ് താമസിക്കുന്നതെങ്കിൽ വാടകകൊടുക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുകയോ അല്ലെങ്കിൽ നിലവിലുള്ള വീടിന്റെ അതേ സൗകര്യ ങ്ങളും സുരക്ഷിതത്വവും ഉള്ള പകരം താമസസ്ഥലം ലഭ്യമാക്കുന്നതിന്

(v) കോടതിയുടെ സമ്മതം ഇല്ലാതെ നിങ്ങൾ താമസിക്കുന്ന വീടിന്റെമേലുള്ള അവകാശങ്ങൾ വേണ്ടെന്ന് വയ്ക്കാതിരിക്കാൻ

(vi) നിങ്ങൾ താമസിക്കുന്ന വീടോ അല്ലെങ്കിൽ വീട് നിൽക്കുന്ന സ്ഥലമോ പണയം വയ്ക്കുക, മോർട്ട്ഗേജ് ചെയ്യുക അല്ലെങ്കിൽ മറ്റേതെങ്കിലുംതരം സാമ്പത്തിക ബാദ്ധ്യത വരുത്തിവയ്ക്കുന്നതിന് എതിരെ

(vii) നിങ്ങളുടെ സുരക്ഷയ്ക്കും സംരക്ഷണത്തിനും വേണ്ടിയുള്ള ഉത്തരവുകൾ

(സി) (i) പരാതിപ്പെടുകയോ, റിപ്പോർട്ട് ചെയ്യപ്പെടുകയോ ചെയ്ത ഗാർഹികാതിക്രമം നിർത്തൽ ചെയ്യുന്നതിന്

(ഡി) പ്രത്യേക ഉത്തരവുകൾ

(i) നിങ്ങൾ താമസിക്കുകയോ ജോലിചെയ്യുകയോ ചെയ്യുന്ന സ്ഥലത്തുനിന്നും അയാളെ മാറ്റി നിർത്തുകയോ ഒഴിവാക്കുകയോ ചെയ്യുക

(ii) നിങ്ങളെ നേരിൽ കാണുന്നതിനുള്ള ശ്രമങ്ങൾ തടയുന്നതിന്

(iii) നിങ്ങളെ ഫോണിൽ വിളിയ്ക്കുന്നതോ, കത്ത്, ഇ-മെയിൽ തുടങ്ങിയ വഴി ബന്ധ പ്പെടാൻ ശ്രമിക്കുന്നതിനെ തടഞ്ഞുകൊണ്ട്

(iv) വിവാഹത്തെക്കുറിച്ച് നിങ്ങളോട് സംസാരിക്കുന്നതിനും അവർ തെരഞ്ഞെടുത്ത ഒരാളെ വിവാഹം കഴിക്കുന്നതിന് വേണ്ടി കാണാൻ നിർബന്ധിക്കുന്നതിനും എതി രെ,

(v) നിങ്ങളുടെ കുട്ടികൾ പഠിക്കുന്ന സ്കൂൾ, നിങ്ങളും കുട്ടികളും സന്ദർശിക്കാൻ സാദ്ധ്യ തയുള്ള സ്ഥലം എന്നിവിടങ്ങളിൽനിന്നും മാറിനിൽക്കുന്നതിന്

(vi) തോക്ക്, മറ്റേതെങ്കിലും ആയുധം അല്ലെങ്കിൽ മറ്റേതെങ്കിലും അപകടകരമായ വസ്തു ക്കൾ കൈവശം ഉള്ളതിനെ സറണ്ടർ ചെയ്യുന്നതിന്

(vii) മുൻകാലങ്ങളിൽ ഗാർഹിക അതിക്രമത്തിന് കാരണമായ മദ്യം, മയക്കുമരുന്ന് എന്നിവ ഉപയോഗിക്കുന്നതിന് എതിരെയുള്ളതും

(ഇ) 20, 22 വകുപ്പ് പ്രകാരമുള്ള ഇടക്കാല സാമ്പത്തിക ആശ്വാസ ഉത്തരവ്

(i) നിങ്ങൾക്കോ, നിങ്ങളുടെ കുട്ടികൾക്കോ വേണ്ടിയുള്ള ചെലവ് തുക

(ii) ശാരീരികമായുണ്ടായ മുറിവിന് ചികിത്സാ ചെലവുൾപ്പെടെയുള്ള നഷ്ട പരിഹാരത്തുക

(iii) മാനസികവും വൈകാരികവുമായ പീഢനങ്ങൾക്കുള്ള നഷ്ടപരിഹാരം

(iv) വരുമാനത്തിലുണ്ടായ നഷ്ടത്തിന് പകരം നഷ്ടപരിഹാരം

(v) നിങ്ങളുടെ കൈവശമോ നിയന്ത്രണത്തിലോ ഉണ്ടായിരുന്ന വസ്തുക്കൾ നശിപ്പിക്കുകയോ, എടുത്തുകൊണ്ടുപോവുകയോ ചെയ്തതുമൂലം ഉണ്ടായിട്ടുള്ള നഷ്ടത്തിന് പരിഹാരം

*കുറിപ്പുകൾ:*

(I) മുകളിൽ പറഞ്ഞിട്ടുള്ള ഏത് ആശ്വാസ നടപടിയും ഗാർഹിക അതിക്രമത്തെക്കുറിച്ചുള്ള പരാതി കോടതിയിൽ ബോധിപ്പിച്ച ഉടനെ, താൽക്കാലിക അടിസ്ഥാനത്തിൽ അനുവദിക്കാവുന്നതാണ്.

(II) ഈ നിയമപ്രകാരം ഫോറം - I -ൽ സമർപ്പിച്ചിട്ടുള്ള പരാതിയെ ഡൊമസ്റ്റിക് ഇൻസിഡന്റ് റിപ്പോർട്ട് എന്നു വിളിക്കുന്നു.

4. നിങ്ങൾ ഗാർഹിക അതിക്രമത്തിന് ഇരയായ ആളാണെങ്കിൽ നിങ്ങൾക്ക് താഴെ പറയുന്ന അവകാശങ്ങൾ ഉണ്ട്.

(i) ഈ നിയമത്തിലെ 5-ാം വകുപ്പ് പ്രകാരം നിങ്ങളുടെ അവകാശങ്ങളെയും ആശ്വാസ നടപടികളെയും കുറിച്ചുള്ള വിവരം നിങ്ങൾക്ക് നൽകുവാൻ പ്രൊട്ടക്ഷൻ ഓഫീസർമാരുടെയും സർവ്വീസ് പ്രൊവൈഡർമാരുടെയും സേവനം 5-ാം വകുപ്പു പ്രകാരം ലഭിക്കുക.

(ii) നിങ്ങളുടെ പരാതി രേഖപ്പെടുത്തുന്നതിനും ആശ്വാസ നടപടികൾക്ക് അപേക്ഷിക്കുന്നതിനുംവേണ്ടി, പ്രൊട്ടക്ഷൻ ഓഫീസർമാർ, സർവ്വീസ് പ്രൊവൈഡർമാർ, അടുത്ത പോലീസ് സ്റ്റേഷൻ എന്നിവിടങ്ങളിൽനിന്നുള്ള സേവനം ഈ നിയമത്തിലെ 9, 10 വകുപ്പുകൾ പ്രകാരം ലഭിക്കുക

(ഗ) നിങ്ങൾക്കും നിങ്ങളുടെ കുട്ടികൾക്കും ഗാർഹിക അതിക്രമങ്ങളിൽനിന്നും 18-ാം വകുപ്പ് പ്രകാരമുള്ള സംരക്ഷണം ലഭിക്കുക.

(iv) നിങ്ങൾക്കും നിങ്ങളുടെ കുട്ടികൾക്കും ഗാർഹിക അതിക്രമങ്ങളിൽനിന്നും 18-ാം വകുപ്പു പ്രകാരമുള്ള സംരക്ഷണം ലഭിക്കുക.

(v) നിങ്ങൾ ഗാർഹിക അതിക്രമത്തിന് ഇരയായ അതേ വീട്ടിൽ താമസിച്ചുകൊണ്ട് അതേ വീട്ടിൽ താമസിക്കുന്ന മറ്റ് അംഗങ്ങളെ, നിങ്ങളുടെയും നിങ്ങളുടെ കുട്ടികളുടെയും സ്വൈരജീവിതത്തിന് വിഘാതം സൃഷ്ടിച്ചുകൊണ്ട് പെരുമാറുന്നത് തടഞ്ഞുകൊണ്ട് 19-ാം വകുപ്പുപ്രകാരമുള്ള ഉത്തരവിനുള്ള അവകാശം

(vi) നിങ്ങളുടെ സ്ത്രീധനം, ആഭരണങ്ങൾ, വസ്ത്രങ്ങൾ, നിത്യോപയോഗത്തിനുള്ള വസ്തുക്കൾ, മറ്റ് വീട്ടുപകരണങ്ങൾ എന്നിവയുടെ കൈവശാവകാശം 18-ാം വകുപ്പ് പ്രകാരം വീണ്ടെടുക്കാനുള്ള അവകാശം

(vii) വകുപ്പ് 6,7,9,14 പ്രകാരം ചികിത്സാ സഹായം, താമസ സൗകര്യം, കൗൺസിലിംഗ്, നിയമസഹായം എന്നിവ ലഭിക്കുന്നതിന്

(viii) ഗാർഹിക അതിക്രമം നടത്തിയ വ്യക്തി നിങ്ങളെ ഏതെങ്കിലും തരത്തിൽ ബന്ധപ്പെടുകയോ ആശയവിനിമയം നടത്തുന്നതിലോ നിന്ന് 18-ാം വകുപ്പ് പ്രകാരം വിലക്കുക

(xi) 22-ാം വകുപ്പ് പ്രകാരം ശാരീരികമോ, മാനസികമോ, സാമ്പത്തികമോ ഉണ്ടായ നഷ്ടത്തിന് പരിഹാരം

(x) ആശ്വാസ നടപടികൾക്ക് അപേക്ഷയോ പരാതിയോ വകുപ്പുകൾ 12, 18, 19, 20, 21, 22, 23 പ്രകാരം കോടതിയിൽ നേരിട്ട് സമർപ്പിക്കുക

(xi) നിങ്ങൾ കൊടുത്തിട്ടുള്ള പരാതി, അപേക്ഷ, നിങ്ങൾക്കോ നിങ്ങളുടെ കുട്ടിയ്ക്കോ നടത്തിയിട്ടുള്ള ആരോഗ്യപരിശോധനയുടെ റിപ്പോർട്ട് എന്നിവയുടെ കോപ്പി

(xii) ഗാർഹിക അതിക്രമം സംബന്ധിച്ച് ഏതെങ്കിലും അധികാരി രേഖപ്പെടുത്തിയ പ്രസ്താവനകളുടെ കോപ്പി ലഭിക്കുക

(xiii) ഏതെങ്കിലും അപകടാവസ്ഥയിൽനിന്ന് നിങ്ങളെയോ കുട്ടികളെയോ രക്ഷിക്കുന്നതിനുള്ള സഹായം പ്രൊട്ടക്ഷൻ ഓഫീസർമാരിൽനിന്നോ പോലീസ് ഓഫീസർമാരിൽനിന്നോ ലഭിക്കുക

5. ഈ ഫോറം നൽകുന്നയാൾ താഴെക്കാണുന്ന മാതൃകയിൽ തന്റെ ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ സർവ്വീസ് പ്രൊവൈഡറുടെയും വിവരം രേഖപ്പെടുത്തിയിരിക്കണം.

| ക്രമ നമ്പർ | സംഘടനയുടെ പേര് | നൽകുന്ന സേവനങ്ങൾ | ബന്ധപ്പെട്ട വിലാസം |
|---|---|---|---|
| 1 | | | |
| 2 | | | |
| 3 | | | |
| 4 | | | |
| 5 | | | |
| 6 | | | |
| 7 | | | |

## ഫോറം - I

(റൂൾ 8 (1) കാണുക)

## സേഫ്റ്റി പ്ലാൻ

1. പ്രൊട്ടക്ഷൻ ഓഫീസറോ പോലീസ് ഓഫീസറോ സർവ്വീസ് പ്രൊവൈഡറോ, ഈ ഫോം പൂരിപ്പിക്കുവാൻ വനിതയെ സഹായിക്കുമ്പോൾ കോളം C യിലും D യിലും ഉള്ള കാര്യം പൂരിപ്പിക്കേണ്ടത് പരാതിക്കാരിയോട് സംസാരിച്ച് അവരുടെ അനുമതിയോടുകൂടിത്തന്നെ വേണ്ടതാണ്.

2. പരാതിക്കാരി നേരിട്ട് കോടതിയെ സമീപിക്കുകയാണെങ്കിൽ കോളം C യിലും D യിലും ഉള്ള വിവരം അവർക്ക്തന്നെ പൂരിപ്പിക്കാവുന്നതാണ്.

3. പരാതിക്കാരി കോളം C യും D യും പൂരിപ്പിക്കാതെ കോടതിയെ നേരിട്ട് സമീപിക്കുകയാണെങ്കിൽ ബന്ധപ്പെട്ട കോടതിയിലെ പ്രൊട്ടക്ഷൻ ഓഫീസർ പരാതിക്കാരിയുമായി സംസാരിച്ച് അവരുടെ സമ്മതത്തോടെ പ്രസ്തുത കോളങ്ങളിലുള്ള വിവരം പൂരിപ്പിക്കേണ്ടതാണ്.

| ക്രമ നമ്പർ | A<br>എതിർകക്ഷി ചെയ്ത അതിക്രമം | B<br>എതിർകക്ഷി കോളംA യിൽ പ്രതിപാദിച്ചിട്ടുള്ള അതിക്രമംമൂലം അനുഭവിക്കേണ്ടിവന്ന കഷ്ടതകൾ | C<br>കോളം A യിൽ പ്രതിപാദിച്ചിട്ടുള്ള അതിക്രമംമൂലം പരാതിക്കാരിക്കുണ്ടായിട്ടുള്ള ഭജാശങ്കകൾ | D<br>സുരക്ഷയ്ക്ക് ആവശ്യമായ നടപടികൾ | E<br>കോടതിയിൽ നിന്ന് ആവശ്യപ്പെടുന്ന ഉത്തരവുകൾ |
|---|---|---|---|---|---|
| 1. | എതിർകക്ഷി ചെയ്ത ശാരീരിക അക്രമം | പരാതിക്കാരിക്കും അവരുടെ കുട്ടികൾക്കും ശാരീരിക അക്രമംആവർത്തിക്കും എന്ന വിലയിരുത്തൽ | (എ) ആവർത്തനം<br>(ബി) കൂടുതൽ അക്രമ പ്രവർത്തനം<br>(സി) മുറിവ്പറ്റും എന്ന ഭയം<br>(ഡി) മറ്റെന്തെങ്കിലും (....................) | | |
| 2. | നിങ്ങളുടെ അന്തസ്സിനെ ഘനിക്കുന്നതോ അപമാനിക്കുന്നതോ, തരംതാഴ്ത്തുന്നതോ ആയ ഏതെങ്കിലും ലൈംഗിക പ്രവർത്തി | (എ) മ്ലാനത<br>(ബി) ടി പ്രവർത്തിയുടെ ആവർത്തന സാദ്ധ്യത<br>(സി) ടി പ്രവൃത്തി നടത്തുന്നതിനുള്ളശ്രമങ്ങൾ | (എ) ആവർത്തനം<br>(ബി) ശക്തിപ്രാപിക്കൽ<br>(സി) മറ്റെന്തെങ്കിലും (...................) | | |
| 3. | കഴുത്ത് ഞെരിക്കുന്ന ശ്രമങ്ങൾ | (എ) ശാരീരിക മുറിവ്<br>(ബി) മാനസിക പ്രശ്നങ്ങൾ<br>(സി) മറ്റെന്തെങ്കിലും (.......................) | (എ) ആവർത്തനം<br>(ബി) മറ്റെന്തെങ്കിലും (..................) | | |
| 4. | കുട്ടികളെ അടിച്ചിട്ടുള്ളത് | (എ) കുട്ടികൾക്ക് പറ്റിയിട്ടുള്ള പരിക്ക്<br>(ബി) കുട്ടികൾക്ക് ഉണ്ടായിട്ടുള്ള മാനസിക പ്രശ്നം<br>(സി) മറ്റെന്തെങ്കിലും (....................) | (എ) ആവർത്തനസാദ്ധ്യത<br>(ബി) അക്രമ പ്രവൃത്തിമൂലം കുട്ടിയിലുണ്ടായിട്ടുള്ള പ്രതികൂലഫലം | | |
| 5. | ആത്മഹത്യ ചെയ്യുമെന്ന് എതിർകക്ഷിയുടെ ഭീഷണികൾ | (എ) കുടുംബത്തിലെ ഭീതി നിറഞ്ഞ അന്തരീക്ഷം<br>(ബി) സുരക്ഷയ്ക്കുള്ള ഭീഷണി<br>(സി) മറ്റെന്തെങ്കിലും (....................) | (എ) യഥാർത്ഥത്തിൽ ആത്മഹത്യ ചെയ്യാനുള്ള ശ്രമം<br>(ബി) ആവർത്തനം<br>(സി) മറ്റെന്തെങ്കിലും (.................) | | |

| | | | |
|---|---|---|---|
| 6. | എതിർ കക്ഷിയുടെ ആത്മഹത്യാ ശ്രമങ്ങൾ | (എ) വിട്ടിലെ ഭീകരാന്തരീക്ഷം<br>(ബി) അരക്ഷിതാവസ്ഥ, ഉത്കണ്ഠ, മ്ലാനത, വ്യഥ<br>(സി) മറ്റെന്തെങ്കിലും (..................) | (എ) ആവർത്തനം<br>(ബി) രൂക്ഷമാകൽ കൂടുതലാക്കുക<br>(സി) മാനസിക വ്യഥ, വേദന (................)<br>(ഡി) മറ്റെന്തെങ്കിലും |
| 7. | മാനസികവും വൈകാരികവുമായി പരാതിക്കാരിയെ പീഢിപ്പിക്കുക (കുത്തുവാക്ക്, ആൺ കുട്ടിയില്ലായെന്ന് അപമാനിക്കുക, പെരുമാറ്റദൂഷ്യം ആരോപിക്കുക, വ്യാജകുറ്റാരോപണം, തുടങ്ങിയവ) | (എ) മ്ലാനത<br>(ബി) മാനസികവ്യഥ<br>(സി) കുട്ടികൾക്ക് യോജിച്ചതല്ലാത്ത അന്തരീക്ഷം<br>(ഡി) മറ്റെന്തെങ്കിലും (................) | (എ) അതിക്രമത്തിന്റെ ആവർത്തനം, രൂക്ഷമാകൽ, കൂടുതലാകൽ<br>(ബി) മാനസിക വ്യഥ, വേദന<br>(സി) മറ്റെന്തെങ്കിലും (..................) |
| 8. | പരതിക്കാരിയെയോ അവരുടെ കുട്ടികളെയോ, മാതാപിതാക്കളെയോ ബന്ധുക്കളെയോ അപകടത്തിലാക്കും എന്ന് ഭീഷണിപ്പെടുത്തുക | (എ) നിരന്തര ഭീതിയിൽ കഴിയുക<br>(ബി) മാനസിക വ്യഥ<br>(സി) മറ്റെന്തെങ്കിലും (................) | (എ) എതിർകക്ഷി തന്റെ ഭീഷണി നടപ്പിലാക്കാവുന്നതാണ്<br>(ബി) മാനസ്സിക വ്യഥ, വേദന<br>(സി) മറ്റെന്തെങ്കിലും (....................) |
| 9. | സ്കൂളിലോ കോളേജിലോ മറ്റേതെങ്കിലും വിദ്യാഭ്യാസ സ്ഥാപനത്തിലോ പോകാതിരിക്കുവാൻ നിർബന്ധിക്കുന്നു | (എ) മ്ലാനത<br>(ബി) മാനസികവ്യഥ<br>(സി) മറ്റെന്തെങ്കിലും (..................) | (എ) ആവർത്തനം<br>(ബി) മാനസികവ്യഥ, വേദന<br>(സി) മറ്റെന്തെങ്കിലും (...............) |
| 10. | ഇഷ്ടമില്ലാത്തപ്പോഴോ, ഇഷ്ടമുള്ളയാളിനെ വിവാഹം കഴിക്കുന്നതിന് എതിർകക്ഷിയോ കക്ഷികളുടെയോ തീരുമാനപ്രകാരമുള്ളയാളിനെ വിവാഹം കഴിക്കുവാനോ നിർബന്ധിക്കുക | (എ) മ്ലാനത<br>(ബി) മാനസിക വ്യഥ, വേദന<br>(സി) ബലം പ്രയോഗിച്ച് വിവാഹം കഴിപ്പിക്കുമെന്ന ഭയം<br>(ഡി) മറ്റെന്തെങ്കിലും (....................) | (എ) ആവർത്തനം<br>(ബി) മാനസിക വ്യഥ, വേദന<br>(സി) മറ്റെന്തെങ്കിലും (.............) |
| 11. | കുട്ടിയെ തട്ടിക്കൊണ്ടുപോകുമെന്ന് ഭീഷണിപ്പെടുത്തൽ | (എ) നിരന്തരഭീതിയിൽ ജീവിക്കുന്നു<br>(ബി) കുട്ടിയോ കുട്ടികളുടേയോ സുരക്ഷയിൽ ഭീഷണി<br>(സി) മറ്റെന്തെങ്കിലും (.................) | (എ) കുട്ടിയെ തട്ടിക്കൊണ്ട് പോകാവുന്നതാണ്<br>(ബി) മറ്റെന്തെങ്കിലും (..................) |

| | | | |
|---|---|---|---|
| 12. | യഥാർത്ഥത്തിൽ പരാതിക്കാരിയ്ക്കോ അവരുടെ കുട്ടികൾക്കോ ബന്ധുക്കൾക്കോ പരിക്ക് ഏല്പിക്കുക | (എ) അതിക്രമം ആവർത്തിക്കുമെന്ന നിരന്തര ഭീതിയിൽ ജീവിക്കുക<br>(ബി) മറ്റെന്തെങ്കിലും (................) | (എ) ആവർത്തനം<br>(ബി) രൂക്ഷമാകൽ<br>(സി) പരിക്ക് പറ്റുമെന്ന ഭീതി<br>(ഡി) മറ്റെന്തെങ്കിലും (...............) |
| 13. | മദ്യം, മയക്കുമരുന്ന് എന്നിവയുടെ ദുരുപയോഗം | (എ) എതിർകക്ഷിയുടെ മദ്യം മയക്കുമരുന്ന് എന്നിവയുടെ ദുരുപയോഗം മൂലമുണ്ടാകുന്ന നിരന്തര വഴക്ക്പറച്ചിലും മറ്റു അതിക്രമങ്ങളും<br>(ബി) ഒരു സാധാരണ ജീവിതം നയിക്കുന്നതിനുള്ള സാഹചര്യം ഇല്ലാതാക്കുക<br>(സി) മറ്റെന്തെങ്കിലും (.................) | (എ) മദ്യമോ മയക്കുമരുന്നോ ഉപയോഗിച്ചശേഷം ശാരീരിക അക്രമം നടത്തുക<br>(ബി) മദ്യം, മയക്കുമരുന്ന് ഇവയുടെ ഉപയോഗത്തിന് ശേഷമുള്ള വഴക്ക് പറച്ചിൽ<br>(സി) വീട്ട് ചിലവിന് കാശ് നൽകാതിരിക്കൽ<br>(ഡി) മറ്റെന്തെങ്കിലും (.....................) |
| 14. | കുറ്റകൃത്യ പ്രവർത്തനങ്ങളുടെ ചരിത്രം | (എ) അതിക്രമത്തെക്കുറിച്ച് നിരന്തര ഭീതി<br>(ബി) എതിർകക്ഷി പ്രതികാരം ചെയ്യുമെന്ന ഭീതി | (എ) നിയമലംഘന പ്രവർത്തന ചരിത്രമുള്ളതിനാൽ കോടതി ഉത്തരവ് അനുസരിക്കാതിരിക്കാൻ സാദ്ധ്യത ഉണ്ട്<br>(ബി) പരാതിക്കാരിക്കും കുട്ടികൾക്കും എതിരെ എതിർകക്ഷി ദോഷപ്രവൃത്തി ചെയ്യാനിടയുണ്ട്<br>(സി) മറ്റെന്തെങ്കിലും (................) |
| 15. | ചിലവിന്, ഭക്ഷണത്തിന്, വസ്ത്രങ്ങൾക്ക് പണം നൽകിയില്ല | (എ) നിരാലംബരും നാടോടികളും ആയി മാറുന്നു<br>(ബി) മറ്റെന്തെങ്കിലും (..................) | (എ) അവൾക്കും കുട്ടികൾക്കും ജീവിക്കുന്നതിന് പലതരം ദുരിതങ്ങളും അനുഭവിക്കേണ്ടിവരുന്നു<br>(ബി) മറ്റെന്തെങ്കിലും (...................) |
| 16. | നിലവിലുള്ള ജോലിനിർത്തുകയോ തടസ്സപ്പെടുത്തുകയോ പുതിയജോലി സ്വീകരിക്കാൻ അനുവദിക്കാതിരിക്കുകയോ ചെയ്യുക | (എ) നിങ്ങൾക്കും കുട്ടികൾക്കും ആവശ്യമായ പ്രാഥമികകാര്യങ്ങൾ നിർവ്വഹിക്കാൻ കഴിയാതാകുന്നു<br>(ബി) മറ്റെന്തെങ്കിലും (..............) | (എ) പരാതിക്കാരിയുടെയും കുട്ടികളുടെയും ആവശ്യങ്ങൾ നിറവേറ്റുന്നതിന് വളരെയധികം കഷ്ടതകൾ അനുഭവിക്കേണ്ടിവരുന്നു<br>(ബി) മറ്റെന്തെങ്കിലും (.................) |
| 17. | വീട്ടിൽനിന്ന് പുറത്താക്കുക, വീടിന്റെ ഏതെങ്കിലും ഭാഗത്ത് പ്രവേശിക്കാൻ അനുവദിക്കാതിരിക്കുക, അല്ലെങ്കിൽ വീട്ടിൽനിന്ന് പുറത്ത് പോകാൻ അനുവദിക്കാതിരിക്കുക | (എ) നിങ്ങൾക്കും കുട്ടികൾക്കും താമസിക്കാൻ സ്ഥലമില്ലാതാവുക<br>(ബി) വീടിന്റെ ഒരു ഭാഗത്തു മാത്രമായി ഒതുങ്ങികൂടുക | (എ) പരാതിക്കാരിയുടെയും കുട്ടികളുടെയും സുരക്ഷ<br>(ബി) പരാതിക്കാരിക്കും കുട്ടികൾക്കും താമസിക്കാനിടം കണ്ടെത്തുന്നതിനുള്ള വിഷമതകൾ<br>(സി) മറ്റെന്തെങ്കിലും (..............) |

| | | | |
|---|---|---|---|
| 18. | വീട്ടിൽ പൊതുവായി ഉപയോഗിക്കുന്ന വസ്ത്രങ്ങൾ, മറ്റു ഉപകരണങ്ങൾ, വസ്തുക്കൾ, ഉപയോഗിക്കാൻ അനുവദിക്കാതിരിക്കുക | (എ) ഇവയുടെ ഉപയോഗം ഇല്ലാതാക്കുക<br>(ബി) പകരം വാങ്ങുന്നതിനുള്ള പണം ഇല്ലാതിരിക്കുക | (എ) എതിർകക്ഷി സാധനങ്ങളെല്ലാം അന്യാധീനപ്പെടുത്താവുന്നതാണ് |
| 19. | വാടകവീട്ടിലാണ് താമസിക്കുന്നതെങ്കിൽ വാടക കൊടുക്കാതിരിക്കുക | (എ) വാടക കൊടുക്കാതിരിക്കുന്നതിനാൽ വീടൊഴിയാൻ വീട്ടുടമസ്ഥൻ ആവശ്യപ്പെടുന്നു<br>(ബി) പകരം പോകാനിടമില്ല<br>(സി) വാടകവീട് എടുക്കുവാൻതക്ക വരുമാനമില്ല | (എ) താമസസ്ഥലം നഷ്ടപ്പെടുക<br>(ബി) വളരെയധികം കഷ്ടതകൾ ഉണ്ടാകുന്നു<br>(സി) മറ്റെന്തെങ്കിലും (...................) |
| 20. | നിങ്ങളുടെ അറിവും സമ്മതവും ഇല്ലാതെ സ്ത്രീധനമോ മറ്റേതെങ്കിലും വിലപിടിപ്പുള്ള വസ്തുക്കളോ വില്ക്കുകയോ പണയപ്പെടുത്തുകയോ ചെയ്യുന്നു | (എ) വിലപിടിപ്പുള്ള സാധനങ്ങളോ വസ്തുവകകളോ നഷ്ടപ്പെടുന്നു<br>(ബി) മറ്റെന്തെങ്കിലും (.....................) | (എ) എതിർകക്ഷി അവയെല്ലാം അന്യാധീനപ്പെടുത്താവുന്നതാണ്<br>(ബി) മറ്റെന്തെങ്കിലും (..................) |
| 21. | സ്ത്രീധനത്തിനുള്ള കൈവശാവകാശം ഇല്ലാതാക്കുക | (എ) കൈവശമുണ്ടായിരുന്ന വസ്തുവിന്റെ കൈവശാവകാശം ഇല്ലാതാക്കുക<br>(ബി) മറ്റെന്തെങ്കിലും (............) | (എ) എതിർകക്ഷി അവ അന്യാധീനപ്പെടുത്തിയേയ്ക്കാം<br>(ബി) അവ വീണ്ടും സ്വീകരിക്കുന്നതിനോട് ഭയമുണ്ടാകുക<br>(സി) മറ്റെന്തെങ്കിലും (................) |
| 22. | സിവിൽ/ക്രിമിനൽ കോടതി ഉത്തരവിന്റെ ലംഘനം | വ്യക്തമാക്കുക | വ്യക്തമാക്കുക |

ഒപ്പ്

പരാതിക്കാരി

ഒപ്പ്

പ്രൊട്ടക്ഷൻ ഓഫീസർ/സർവ്വീസ് പ്രൊവൈഡർ/പോലീസ് ഓഫീസർ

## ഫോറം - VI

(റൂൾ 11 (1) കാണുക)

**2005-ലെ ഗാർഹിക അതിക്രമങ്ങളിൽനിന്നും വനിതകളെ സംരക്ഷിക്കുന്ന നിയമത്തിലെ 10 (1) വകുപ്പ് പ്രകാരം സർവ്വീസ് പ്രൊവൈഡർമാരായി രജിസ്റ്റർ ചെയ്യുന്നതിനുള്ള ഫോറം**

| | | |
|---|---|---|
| 1. | അപേക്ഷകന്റെ പേര് | |
| 2. | വിലാസം<br>(ഫോൺ നമ്പർ, ഇ-മെയിൽ) | |
| 3. | നൽകുന്ന സേവനങ്ങൾ | ○ അഭയം<br>○ മനോരോഗ കൗൺസിലിംഗ്<br>○ കുടുംബ കൗൺസിലിംഗ്<br>○ തൊഴിൽ പരീശീലനകേന്ദ്രം<br>○ ചികിത്സാ സഹായം<br>○ ബോധവൽക്കരണ പരിപാടികൾ<br>○ ഗാർഹിക അതിക്രമത്തിന് ഇരയായ ഒരു സംഘം ആൾക്കാർക്ക് വേണ്ടിയുള്ള കൗൺസിലിംഗ്<br>○ മറ്റെന്തെങ്കിലും (....................) |
| 4. | സേവനങ്ങൾ നൽകാൻ നിയമിച്ചിട്ടുള്ള ആളുകളുടെ എണ്ണം | |
| 5. | നിങ്ങളുടെ സ്ഥാപനംവഴി നൽകുന്ന സേവനങ്ങൾക്ക് നിയമപരമായി കുറഞ്ഞ വിദഗ്ദ്ധ യോഗ്യത നിഷ്കർഷിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദീകരിക്കുക | |
| 6. | ഇത്തരത്തിലുള്ള ആൾക്കാരുടെ പട്ടികയും അവർ ചെയ്യുന്ന ജോലിയും അവരുടെ പ്രൊഫഷണൽ യോഗ്യതകളും ഉള്ളടക്കം ചെയ്തിട്ടുണ്ടോ? | ○ അതെ<br>○ ഇല്ല |
| 7. | സേവനങ്ങൾ നൽകിവരുന്ന കാലയളവ് | ○ 3 വർഷം<br>○ 4 വർഷം<br>○ 5 വർഷം<br>○ 6 വർഷം<br>○ 6 വർഷത്തിൽ കൂടുതൽ |
| 8. | ഏതെങ്കിലും നിയമമോ റഗുലേഷനോ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ടോ? എങ്കിൽ രജിസ്റ്റർ നമ്പർ | |
| 9. | നിയമപ്രകാരം നിഷ്കർഷിച്ചിട്ടുള്ള കാര്യങ്ങൾ നിറവേറ്റിയിട്ടുണ്ടോ? ഉണ്ടെങ്കിൽ ആ റഗുലേറ്ററി ബോഡിയുടെ പേരും മേൽവിലാസവും | |
| 10. | ഷെൽട്ടർ ഹോമിൽ ആവശ്യത്തിന് സ്ഥലമുണ്ടോ? | ○ ഉണ്ട്<br>○ ഇല്ല |
| 11. | ആകെയുള്ള വിസ്തീർണ്ണം | |

12. മുറികളുടെ എണ്ണം

13 മുറികളുടെ വിസ്തീർണ്ണം

*കുറിപ്പ് : ഷെൽട്ടർ ഹോമുകളെ സംബന്ധിച്ചാണെങ്കിൽ 10 മുതൽ 18 വരെയുള്ള കോളങ്ങൾ പരിശോധന നടത്തിയശേഷം രജിസ്റ്റർ ചെയ്യുന്ന അധികാരിയാണ് പൂരിപ്പിക്കേണ്ടത്.*

14. സുരക്ഷാ ക്രമീകരണങ്ങൾ

15 അന്തേവാസികളുടെ ഉപയോഗത്തിനായി ഒരു ടെലിഫോൺ കഴിഞ്ഞ മൂന്നുവർഷമായി ഉപയോഗത്തിലുണ്ടെന്ന് എന്തെങ്കിലും രേഖയുണ്ടോ?

16. ഏറ്റവും അടുത്തുള്ള ആശുപത്രി/ ക്ലീനിക്കിലേയ്ക്കുള്ള ദൂരം

17. ഡോക്ടർമാരുടെ സന്ദർശനത്തിലേയ്ക്കായി ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ടോ ഉണ്ടെങ്കിൽ ഡോക്ടറുടെ പേര്

- ○ ഉണ്ട്
- ○ ഇല്ല

ഡോക്ടറുടെ വിലാസം

ബന്ധപ്പെടാനുള്ള ഫോൺ നമ്പർ

വിദ്യാഭ്യാസ യോഗ്യത

സ്പെഷ്യലൈസേഷൻ

18. നിലവിലുള്ള മറ്റെന്തെങ്കിലും സൗകര്യങ്ങൾ വ്യക്തമാക്കുക

കുറിപ്പ് : കൗൺസിലിംഗ് സെന്ററുകളുടെ കാര്യത്തിൽ 19 മുതൽ 25 വരെയുള്ള കോളങ്ങൾ പരിശോധനയ്ക്കുശേഷം രജിസ്റ്റർ ചെയ്യുന്ന അധികാരിയാണ് പൂരിപ്പിക്കേണ്ടത്.

19. കേന്ദ്രത്തിലുള്ള കൗൺസിലർമാരുടെ എണ്ണം

20. കൗൺസിലർമാരുടെ കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത

- ○ ബിരുദമില്ല
- ○ ബിരുദധാരി
- ○ ബിരുദാന്തര ബിരുദധാരി
- ○ ഡിപ്ലോമ
- ○ പ്രൊഫഷണൽ ബിരുദം
- ○ മറ്റേതെങ്കിലും (................)

21. കൗൺസിലർമാരുടെ പ്രവർത്തനപരിചയം

- ○ ഒരു വർഷത്തിൽ താഴെ
- ○ ഒരു വർഷം
- ○ രണ്ട് വർഷം
- ○ മൂന്ന് വർഷം
- ○ മൂന്നുവർഷത്തിൽ കൂടുതൽ

22. കൗൺസിലർമാരുടെ പ്രൊഫഷണൽ യോഗ്യതയും പരിചയവും

- ○ പ്രൊഫഷണൽ ബിരുദം
- ○ ഫാമിലി കൗൺസിലിംഗിൽ ........... (ഉദ്യോഗപ്പേര്) ആയി ....................... (സംഘടനയുടെ പേര്)
- ○ മനോരോഗ കൗൺസിലിംഗിൽ .......

| | | |
|---|---|---|
| | | ....................(ഉദ്യോഗപ്പേര് ആയി ........<br>..........................(സംഘടനയുടെ പേര്)<br>○ മറ്റെന്തെങ്കിലും പരിചയം വ്യക്തമാക്കുക<br>.................................................................................. |
| 23. | കൗൺസിലർമാരുടെ പേരും യോഗ്യതയും ഉൾപ്പെടുന്ന ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ടോ? | ○ ഉണ്ട്<br>○ ഇല്ല |
| 24. | ഏതു തരത്തിലുള്ള കൗൺസിലിംഗ് ആണ് | ○ ഓരോരുത്തർക്കും പ്രത്യേകം പ്രത്യേകമായുള്ള കൗൺസിലിംഗ്<br>○ കോഗ്നീറ്റീവ് ബിഹേവിയറൽ തെറാപ്പി (സി.ബി.ടി.) (സ്വയം മനസ്സിലാക്കുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മനസ്സിനെ സജ്ജമാക്കുന്നതിനുള്ളത്)<br>○ ഗാർഹിക അതിക്രമങ്ങൾക്ക് ഇരയായിട്ടുള്ള ഒരു കൂട്ടം ആൾക്കാർക്ക് പൊതുവായിട്ടുള്ളത്<br>○ കുടുംബ കൗൺസിലിംഗ് |
| 25 | നിലവിലുള്ള സൗകര്യങ്ങൾ | ○ വ്യക്തിപരമായ വിദഗ്ദ്ധ കൗൺസിലിംഗ്<br>○ പ്രശ്നങ്ങൾ ചർച്ച ചെയ്യുവാനും വികാരങ്ങൾ പ്രകടിപ്പിക്കുവാനുമുള്ള സുരക്ഷിത സ്ഥലം<br>○ കൗൺസിലിംഗ് സേവനങ്ങൾ, സന്നദ്ധ പ്രവർത്തകർ, മാനസിക ആരോഗ്യരക്ഷ എന്നിവയെക്കുറിച്ചുള്ള വിവരശേഖരം<br>○ ഒറ്റയ്ക്ക്, ഒറ്റയ്ക്കുള്ളതും ഗ്രൂപ്പായുമുള്ള കൗൺസിലിംഗ്<br>○ മാനസികവും ശാരീരികവുമായ ചികിത്സാ കൗൺസിലിംഗ്<br>○ മറ്റെന്തെങ്കിലും (...............................) |
| 26 | മറ്റെന്തെങ്കിലും സേവനങ്ങൾ | 1. നൽകപ്പെടുന്ന സേവനങ്ങൾ..............<br>........................................................................<br>2. നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ .......<br>.........................................................................<br>3. ഈ സേവനങ്ങൾക്ക് ആവശ്യമായ ഏറ്റവും കുറഞ്ഞ യോഗ്യത<br>4. നിയോഗിച്ചിട്ടുള്ള വ്യക്തികളുടെ പേരും അവരുടെ പ്രൊഫഷണൽ യോഗ്യതയും സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ടോ?<br>○ ഉണ്ട്<br>○ ഇല്ല<br>5. രജിസ്റ്റർ ചെയ്യപ്പെടാൻ ആഗ്രഹിക്കുന്ന സർവ്വീസ് പ്രൊവൈഡർ നൽകുന്ന മറ്റെന്തെങ്കിലും വിവരം<br>........................................................................ |

സ്ഥലം : ഒപ്പ്

തീയതി : പരിശോധന ഉദ്യോഗസ്ഥൻ

ഉദ്യോഗപ്പേര്

(മുദ്ര)

## ഫോറം - VII

(റൂൾ 11 (1) കാണുക)

**2005-ലെ ഗാർഹിക അതിക്രമങ്ങളിൽനിന്നും വനിതകളെ സംരക്ഷിക്കുന്ന നിയമത്തിലെ 13 (1) വകുപ്പ് പ്രകാരം എതിർകക്ഷി ഹാജരാക്കുന്നതിനുവേണ്ടി നൽകുന്ന നോട്ടീസ്**

..................................................... കോടതിയിൽ

...................................................... പോലീസ് സ്റ്റേഷൻ

ശ്രീമതി .......................................................................................................................... (പരാതിക്കാരി) ശ്രീ .......................................................................................................................................... (എതിർകക്ഷി)യും തമ്മിലുള്ള കാര്യത്തിന്

2005-ലെ ഗാർഹിക അതിക്രമങ്ങളിൽനിന്നും വനിതകളെ സംരക്ഷിക്കുന്ന നിയമത്തിലെ ............................................... വകുപ് പ്രകാരം പരാതിക്കാരി ഒരു അപേക്ഷ നൽകിയിരിക്കുന്നു. അപേക്ഷയിലെ കാര്യം അനുവദിക്കാതിരിക്കുവാൻ കാരണമുണ്ടെങ്കിൽ ................................................. 200 ............... തീയതി ........................................................ മണിക്ക് നേരിട്ടോ, നിങ്ങൾ നിയോഗിച്ചിട്ടുള്ള കൗൺസിൽവഴിയോ ഈ കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. ഹാജരായില്ല എങ്കിൽ നിങ്ങൾക്കെതിരെ എക്സ്പാർട്ടി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

........................................ 200 .................................... തീയതി .................................... കോടതിയിലെ മുദ്രയും എന്റെ കൈയ്യൊപ്പും താഴെ നൽകിയിരിക്കുന്നു.

കോടതി മുദ്ര | ഒപ്പ്

മലയാള പരിഭാഷ നടത്തിയത് : **പി. പ്രതാപൻ**
ജോയിന്റ് ഡയറക്ടർ, സാമൂഹ്യക്ഷേമ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം 695 033